"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് -സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസീൽദാർ ഓഫീസുകളിലെ എൽ.എ സ്പെഷ്യൽ തഹസീൽദാർമാരെ '2053-094-36-Special Staff for Acquisition of Land for Semi High Speed Railways (SILVER LINE) Project (NV)' എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം. 283/2022/ധന.** **തീയതി, തിരുവനന്തപുരം, 13.01.2022**

---

പരാമർശം :- 1. സ.ഉ (സാധാ) നം.163/2021/റവ തീയതി 18.08.2021
2. സ.ഉ (സാധാ) നം. 8183/2021 ധന തീയതി 16.12.2021
3. സ.ഉ (സാധാ) നം. 8254/2021/റവ തീയതി 18.12.2021
4. ഇ ഫയൽ നമ്പർ 1590307/EXP-A1/290/2020-FIN
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05/11/2021, 08/11/2021, 23/12/2021 തീയതികളിലെ LR/1201/2021-FB(A9), LR/3411/2021-FB(A1) നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം സെമി ഹൈ സ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിയ്ക്ക് വേണ്ടി സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ഓഫീസും 11 സ്പെഷ്യൽ തഹസീൽദാർ ഓഫീസുകളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം 2, 3 എന്നിവ പ്രകാരം സിൽവർ ലൈൻ പദ്ധതിക്ക് '2053-094-36-Special Staff for Acquisition of Land for Semi High Speed Railways (SILVER LINE) Project( NV)' എന്ന ശീർഷകം അനുവദിച്ചും ടി ശീർഷകത്തിന്റെ ചീഫ് കൺട്രോളിംഗ് ഓഫീസർ ആയി ലാൻഡ് റവന്യൂ കമ്മീഷണറെ നിയോഗിച്ചും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലെ സ്പെഷ്യൽ തഹസീൽദാർ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ബന്ധപ്പെട്ട സബ് ട്രഷറി മുഖേന മാറുന്നതിനു ടി ഓഫീസുകളിലെ എൽ.എ സ്പെഷ്യൽ തഹസീൽദാർമാരെ '2053-094-36-Special Staff for Acquisition of Land for Semi High Speed Railways (SILVER LINE) Project (NV)' എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിക്കണമെന്ന് പരാമർശം 5 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലെ സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിയ്ക്ക് വേണ്ടിയുള്ള സ്പെഷ്യൽ തഹസീൽദാർ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ബന്ധപ്പെട്ട സബ് ട്രഷറി മുഖേന മാറുന്നതിനു ബന്ധപ്പെട്ട എൽ.എ സ്പെഷ്യൽ തഹസീൽദാർമാരെ '2053-094-36-Special Staff for Acquisition of Land for Semi High Speed Railways (SILVER LINE) Project (NV)' എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ  അക്കൗണ്ടന്റ് ജനറൽ (എ.&ഇ)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂകമ്മീഷണർ,  ലാൻഡ് റവന്യൂകമ്മീഷണറുടെ കാര്യാലയം, റവന്യൂ കോംപ്ലക്സ്,
പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ  തിരുവനന്തപുരം
റവന്യൂ (എഫ്) വകുപ്പ്  (UO (F) No. 1964540 REV-F2/1/2022-REV,  1914356 REV-F2/402/2021-REV , 1914061 REV-F2/401/2021-REV )പ്രകാരം
ധനകാര്യ (വ്യയം - എ ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-ഫയൽ 1590307)

ഉത്തരവിൻ പ്രകാരം

Manju.C

സെക്ഷൻ ഓഫീസർ